വില്ലേജ് കോടതി നിയമം

1219. [1656] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് കോടതി നിയമം പാസാക്കിയിട്ട് ഇപ്പോൾ എത്ര വർഷമായി;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് ഗവൺമെൻറ് സ്വീകരിച്ച നടപടികളെന്തൊക്കെയാണ്;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 25 വർഷം.

(ബി, സി, ഡി) വില്ലേജ് കോടതിയെ സംബന്ധിച്ച ചട്ടങ്ങൾ ഇപ്പോൾ നിലവിലുണ്ട്; കോടതികളുടെ ആസ്ഥാനവും അധികാര പരിധിയും നിർണ്ണയിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചു കഴിഞ്ഞു. ഇപ്പോഴത്തെ സാമ്പത്തിക പരാധീനത കാരണം കോടതികൾ സ്ഥാപിക്കാനും നിയമം നടപ്പിലാക്കാനും കാലതാമസമുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ കോൺസ്റ്റബിൾമാരില്ലെന്ന പരാതി

1220. [1657] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പോലീസ് സ്റ്റേഷനുകളിലും ആവശ്യത്തിനനുസരിച്ച് പോലീസ് കോൺസ്റ്റബിൾമാർ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആവശ്യത്തിനനുസരണമായി പോലീസുകാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ കഴിയുന്നത്ര വേഗം നികത്തുന്നതാണ്. സാമ്പത്തിക പരിമിതി കാരണം പുതിയ തസ്തികകൾ ഇപ്പോൾ അനുവദിക്കാൻ നിർവ്വാഹമില്ല.

പോലീസ് ആഫീസർമാരുടെ ഗവൺമെൻറ് കാർട്ടേഴ്സ്

1221. [1658] ശ്രീ. എൻ. ചന്ദ്രശേഖര കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എല്ലാ പ്രധാന കേന്ദ്രങ്ങളിലും പോലീസ് ആഫീസർമാർക്ക് ഗവൺമെൻറ് കാർട്ടേഴ്സ് ഉണ്ടോ;

(ബി) ഈ കാർട്ടേഴ്സ് അലോട്ടു ചെയ്യുന്നത് ഏത് അടിസ്ഥാനത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly